(ഇ) ഈ വർഷം സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിക്കാനും അരിയാക്കി പൊതുവിതരണത്തിനായി നൽകാനും കഴിയുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സംസ്ഥാന സർക്കാരിനുവേണ്ടി കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള 70-ഓളം മോഡേൺ റൈസ് മില്ലുകളിൽ നെല്ല് സംസ്ക്കരിച്ച് നിശ്ചിത ഗുണനിലവാരമുള്ള അരിയാക്കി പൊതുവിതരണത്തിനായി അംഗീകൃത റേഷൻ മൊത്ത വിതരണ വ്യാപാരികൾക്ക്, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള അതോറിറ്റിയനുസരിച്ച് നൽകുന്നതുവരെയുള്ള പ്രവർത്തനങ്ങളാണ്.നടത്തി വരുന്നത്.

(സി) 2009-10-ലെ ആദ്യ വിളവെടുപ്പ് കാലത്ത് പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ നിന്നായി 1,20,000 മെട്രിക് ടൺ നെല്ല് സംഭരിക്കുവാനാണ് സപ്ലൈകോ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഈ ലക്ഷ്യത്തിനുമുകളിൽ ഏകദേശം 1,21,000 മെട്രിക് ടൺ നെല്ല് സംഭരിക്കുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോയ്ക്ക് നെല്ല് സംഭരിക്കാൻ കഴിയാത്ത ജില്ലകളിൽ സഹകരണ വകുപ്പ് സംഭരണം നടത്തുന്നു.

(ഇ) ഈ 2010-11-ലെ രണ്ട് വിളവെടുപ്പ് സീസണിലും കൂടി സംസ്ഥാനത്ത് ഒട്ടാകെ വിവിധ ജില്ലകളിൽ നിന്നും 4,20,000 മെട്രിക് ടൺ നെല്ല് സംഭരിച്ച് അരിയാക്കി പൊതു വിതരണത്തിന് നൽകുവാനാണ് ലക്ഷ്യമിടുന്നത്.

ഫോർട്ടിഫൈഡ് ആട്ട വിതരണം

84 (5762) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻ കടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ഫോർട്ടിഫൈഡ് ആട്ട വിതരണം ചെയ്യുന്നുണ്ടോ ;

(ബി) ആട്ട ഉല്പാദിപ്പിക്കുന്നതിനായി എത്ര മെട്രിക് ടൺ ഗോതമ്പ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട് ;

(സി) പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് ആട്ട വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആട്ടയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ആട്ട ഉല്പാദനത്തിന് കൂടുതൽ ഗോതമ്പ് അനുവദിച്ചു കിട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി റേഷൻ കടകൾക്ക് ഫോർട്ടിഫൈഡ് ആട്ട നൽകുന്നുണ്ട്.

(ബി) ആട്ട ഉൽപാദിപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 5000 mt ഗോതമ്പാണ് പ്രതിമാസം കേന്ദ്രസർക്കാർ അനുവദിക്കുന്നത്.

(സി) ഉണ്ട്. ഒരു കിലോ പായ്ക്കറ്റിന് പൊതുവിപണിയിൽ 30 രൂപയോളം വിലയുള്ളപ്പോൾ 12 രൂപ നിരക്കിലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ സംവിധാനത്തിലൂടെ ഫോർട്ടിഫൈഡ് ആട്ട വിതരണം ചെയ്യുന്നത്.

(ഡി) NABL അക്രഡിറ്റേഷൻ ഉള്ള ലാബിൽ അനലൈസ് ചെയ്താണ് നിശ്ചിത ഗുണനിലവാരവും ഫോർട്ടിഫിക്കേഷനും ഉറപ്പു വരുത്തുന്നത്. ഈ അനാലിസിസ് റിപ്പോർട്ടിന്റെ പകർപ്പോടുകൂടിയാണ് ഓരോ ഫോർട്ടിഫൈഡ് ആട്ടയും വിതരണത്തിനായി സപ്ലൈകോ ഡിപ്പോയിലേക്ക് അയയ്ക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

(ഇ) പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം നടത്തുന്ന ആട്ടയ്ക്ക് ആവശ്യകത കൂടുന്ന മുറയ്ക്ക് കൂടുതൽ ഗോതമ്പ് അനുവദിച്ചു കിട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ നിയമന വ്യവസ്ഥ

85 (5763) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജീവനക്കാരുടെ നിയമന വ്യവസ്ഥ എന്താണ് ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്താറുള്ളത് ; അത്തരം നിയമനത്തിനുള്ള വ്യവസ്ഥകളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേനയല്ലാതെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; ഏതെല്ലാം വിധത്തിൽ ഏതൊക്കെ തസ്തികകളിൽ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലെ എത്ര നിയമനങ്ങൾ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly